## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5244 — 05.07.2012-ൽ മറുപടിക്ക്

**<u>സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സി.മോയിൻകുട്ടി :<br>ശ്രീ. എം.ഉമ്മർ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരു വിലയിരുത്തൽ നടത്തുമോ; | (എ) വിലയിരുത്തൽ നടത്തുന്നുണ്ട്. |
| (ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) അംഗങ്ങളുടെ ഇടയിൽ മിതവ്യയം, സ്വാശ്രയ ശീലം, സഹകരണ മനോഭാവം എന്നിവ പ്രോത്സാഹിപ്പിക്കുക, അംഗങ്ങളുടെ ഉപയോഗപ്രദമായ കാര്യങ്ങൾക്കായി മതിയായ ഉറപ്പിന്മേൽ വായ്പ കൊടുക്കുക, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുക, സംഘം തലയാളായി ചിട്ടികൾ നടത്തുക മുതലായവയാണ് സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ പൊതുവായ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഈ സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരുടെ സേവനം വിട്ടുകൊടുക്കുവാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ജീവനക്കാരുടെ സംഘങ്ങളിൽ അത്തരം പ്രവർത്തന രീതി നടക്കുന്നുണ്ടോ എന്നകാര്യം പരിശോധിക്കുമോ; | (സി) സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരുടെ സേവനം വിട്ടുകൊടുക്കുന്നതിന് നിയമപരമായി വ്യവസ്ഥയില്ല. ജീവനക്കാരുടെ സംഘങ്ങളിൽ അത്തരം പ്രവർത്തന രീതി നടക്കുന്നുണ്ടോ എന്നകാര്യം പരിശോധിക്കുന്നതാണ്. |

| | |
|---|---|
| (ഡി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ പ്രത്യേകം നിയമിക്കാനും, ജീവനക്കാർ ഡ്യൂട്ടിസമയത്ത് സംഘത്തിൽ സേവനം അനുഷ്ഠിക്കുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ? | (ഡി) സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത പക്ഷം, ഭരണസമിതി അപേക്ഷിക്കുകയാണെങ്കിൽ ചട്ടപ്രകാരം അനുവദനീയമായ തസ്തികകൾ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ